(സി) ഇപ്രകാരം മുൻഗണനാക്രമം തെറ്റിച്ച് ഡി.പി.സി. കൂടുവാൻ കാരണക്കാരനായ ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഈ ഉദ്യോഗസ്ഥൻ എത്ര നാളുകളായി പ്രസ്തുത തസ്തികയിൽ തുടരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സായുധസേനയിൽ റിസർവ്വ് ഇൻസ്പെക്ടർ തസ്തികയിൽനിന്നും അസിസ്റ്റന്റ് കമാണ്ടന്റായി പ്രമോഷൻ നൽകുന്നതിന് 19-4-2004-ൽ ഡി.പി.സി. കൂടുകയും 29-5-2004-ലെ സ.ഉ.(പി)203/04/ആഭ്യന്തരം നമ്പറിൽ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രമോഷൻ നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളൊന്നുംതന്നെ അട്ടിമറിക്കപ്പെട്ടിട്ടില്ല.

(സി ആന്റ് ഡി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് നയം

39 [39] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, പി. എസ്. സുപാൽ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പോലീസ് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത നയത്തിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ മാറ്റം വരുത്തുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ, വർഗ്ഗീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ കൊലപാതകങ്ങൾ, വർഗ്ഗീയ ലഹളകൾ, സംഘട്ടനങ്ങൾ, ഭവനഭേദനം, ക്ഷേത്രകവർച്ച, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, ബലാൽസംഗം, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, ആത്മഹത്യകൾ, കുടുംബ ആത്മഹത്യകൾ എന്നിവയുടെ വിശദമായ കണക്ക് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നഗരങ്ങളിൽ ഗുണ്ടാ-മാഫിയ ആക്രമണം ശക്തിപ്പെട്ട സാഹചര്യത്തിൽ ഇതു ഫലപ്രദമായി തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇത്തരം ആക്രമണ സംഭവങ്ങൾ തടയുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്രമസമാധാനം നിലനിർത്തുകയും നിയമ പരിരക്ഷ വിവേചനമില്ലാതെ ഉറപ്പ് വരുത്തുകയും നീതിനിഷ്പക്ഷമായി നടപ്പാക്കുകയും, അഴിമതിയ്ക്കും അതിക്രമങ്ങൾക്കും എതിരെ കർശന നടപടിയുമാണ് ഗവൺമെന്റ് നയം. ഇതിൽനിന്നും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ജില്ലകളിൽ കുറ്റകൃത്യങ്ങളിൽ നേരിയ വർദ്ധന കാണുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് ക്രിമിനൽ നടപടിപ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യങ്ങൾ തടയുന്നതിന് രാത്രിയും പകലും പട്രോളിംഗ് ഊർജിതമാക്കിയിട്ടുണ്ട്. പ്രത്യേക സ്കാഡുകൾ രൂപീകരിച്ച് അത്തരക്കാരെ നിരീക്ഷിച്ചുവരുന്നു. നിരന്തരം കുഴപ്പക്കാരെ റൗഡിഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി അന്വേഷണം നടത്തിവരുന്നു.

(സി)

1.	കൊലപാതകങ്ങൾ	. .	1292
2.	വർഗ്ഗീയ ലഹളകൾ	. .	ഇല്ല
3.	വർഗ്ഗീയ സംഘട്ടനങ്ങൾ	. .	95
4.	ഭവനഭേദനം	. .	13428
5.	ക്ഷേത്രകവർച്ച	. .	473
6.	സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ	. .	242
7.	ബലാൽസംഗം	. .	1424
8.	കുട്ടികളെ തട്ടിക്കൊണ്ടുപോകൽ	. .	119
9.	ആത്മഹത്യകൾ	. .	28955
10.	കുടുംബ ആത്മഹത്യകൾ	. .	78

(ഡി) നഗരങ്ങളിൽ സ്ഥിരം കുറ്റവാളികളുടെ പ്രവർത്തനം തടയുന്നതിന്റെ ഭാഗമായി സ്ഥിരം കുറ്റവാളികളെ നിരീക്ഷിച്ചും ശക്തമായ പട്രോളിംഗും മറ്റും നടത്തിയും സ്ഥിരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റുകൾ ഓപ്പൺചെയ്തും കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly